# 11.09.2008 –ൽ പാമ്പാക്കുട എം. റ്റി. എം. ഹയർ സെക്കൻഡറി സ്കൂളിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗത്തിൽ പരിശുദ്ധ ബാവാ തിരുമേനി

## നടത്തിയ പ്രസംഗം

കർത്താവിൽ നമ്മുടെ സഹോദരനും, പിൻഗാമിയും, അസിസ്റ്റന്റുമായ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യരായ സഹോദര മെത്രാപ്പോലീത്തന്മാരേ, വൈദിക ട്രസ്റ്റി കോനാട്ട് ഡോ. ജോൺസ് ഏബ്രഹാം കത്തനാർ, അത്മായ ട്രസ്റ്റി ശ്രീ. എം. ജി. ജോർജ് മുത്തൂറ്റ്, അസ്സോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, ബഹുമാന്യരായ കോർ എപ്പിസ്കോപ്പന്മാരേ, വന്ദ്യ റമ്പാച്ചന്മാരേ, സ്നേഹമുള്ള വൈദികരേ, നമ്മുടെ വാത്സല്യവാന്മാരായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങളെ,

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ ഈ യോഗത്തെ അഭിസംബോധന ചെയ്യുവാൻ അനുവദിച്ച മഹാ കാരുണ്യവാനായ ദൈവത്തെ സന്തോഷത്തോടെ നാം മഹത്വപ്പെടുത്തുന്നു. സമ്മിശ്രമായ വികാരങ്ങളോടുകൂടിയാണ് ബലഹീനനായ നാം ഈ യോഗത്തിൽ സന്നിഹിതനായിരിക്കുന്നത്. പരിശുദ്ധ പരുമലത്തിരുമേനിയുൾപ്പെടെയുള്ള പുണ്യപിതാക്കന്മാർ വൈദിക പഠനത്തിന് തുടക്കം കുറിച്ച സരസ്വതി ക്ഷേത്രം, മലങ്കരയുടെ ഒന്നാം കാതോലിക്ക പ. ബസ്സേലിയോസ് പൗലൂസ് പ്രഥമൻ കാതോലിക്കാ ബാവാ അന്ത്യവിശ്രമം കൊള്ളുന്ന പുണ്യ ഭൂമി,

മല്പാൻ പഠന പൈതൃകത്തിന്റെ ഈറ്റില്ലം, പ്രശസ്തമായ കോനാട്ട് മല്പാന്മാരുടെ കേന്ദ്രം എന്നീ നിലകളിൽ പേരുകേട്ട പാമ്പാക്കുടയിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ ഈ സമ്മേളനം കൂടുവാൻ അനുവദിച്ച സർവ്വശക്തനായ ദൈവത്തെ നമുക്കു സ്തുതിക്കാം.

പ. സഭയുടെ ഭാവി ഭാഗധേയത്തിൽ വഴിത്തിരിവാകുന്ന ഈ യോഗം പ്രായാധിക്യത്തിലും വിളിച്ചുകൂട്ടുവാൻ ലഭിച്ച ദൈവകൃപയ്ക്ക് മുൻപിൽ നാം നമ്രശിരസ്കനാണ്. ഈ യോഗം സമ്മേളിക്കുവാൻ തന്നെ കഴിയുമോ എന്ന് സഭാമക്കൾ സംശയിച്ച ദിനങ്ങളുണ്ടായിരുന്നുവെങ്കിലും ഇന്നത് സാധിതപ്രായമായതിന് ദൈവത്തിന്റെ പരമകരുണയ്ക്ക് സ്തുതി. മുൻകാലങ്ങളിൽ പാത്രിയർക്കീസ് വിഭാഗത്തിന്റെ കുത്സിതത്വം കൊണ്ട് നമ്മുടെ മുൻഗാമികൾ വിളിച്ചുചേർത്ത പല യോഗങ്ങളെക്കുറിച്ചും ഇത്തരം ആശങ്കകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ തക്കസമയമാകുമ്പോൾ ദൈവം ഇടപെട്ട് അവയെല്ലാം നീക്കം ചെയ്യുന്ന ചരിത്രമാണ് നമുക്കുണ്ടായിട്ടുള്ളത്. എന്നാൽ ചരിത്രത്തിൽ ഇദംപ്രഥമമായി നമ്മുടെ സഭാംഗങ്ങളിൽ ചിലരിൽ നിന്ന് ഇപ്രകാരമുള്ള തിക്തമായ അനുഭവം പ. സഭയ്ക്ക് ഉണ്ടായി എന്നത് നമ്മിൽ അതീവ വേദന ഉളവാക്കി. എന്നാൽ എല്ലാ പ്രതിലോമപരമായ പ്രവർത്തനങ്ങൾക്കും വിരാമമിട്ടുകൊണ്ട് ബ. കോടതികൾ പരാതികൾ തള്ളിയതോടുകൂടി ഈ യോഗം സമ്മേളിക്കുന്നതിനുള്ള അവസരം ഉണ്ടാ

PDF created with pdfFactory Pro trial version www.pdffactory.com

യിരിക്കുന്നു. നമ്മുടെ കഴിഞ്ഞ 42 വർഷത്തെ പൗരോഹിത്യ ശുശ്രൂഷയിൽ ഇത്തരം ഒരു ദു:സ്ഥിതിയെപ്പറ്റി കേട്ടുകേഴ്‌വി പോലുമില്ല.

വാത്സല്യ മക്കളേ, തികച്ചും വാർദ്ധക്യത്തിലാണ് നാം സഭയുടെ ഈ ശുശ്രൂഷ ഏറ്റെടുത്തത് എന്ന് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. പരിശുദ്ധ സഭയ്ക്ക് നല്ല അച്ചടക്കം ഉണ്ടാകണമെന്നതായിരുന്നു നമ്മുടെ അതിയായ താല്പര്യം. അച്ചടക്കമില്ലാതെ ഒരു സമൂഹത്തിന് നിലനിൽക്കുവാനും വളരുവാനും കഴിയുന്നതല്ല. ഇതിനായി ശക്തമായ ചില നിലപാടുകൾ സ്വീകരിക്കേണ്ടിവന്നു എന്നതും പ്രസ്താവ്യമാണ്. ഈ സാഹചര്യത്തിലാണ് കഴിഞ്ഞ എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പിൽ നടമാടിയതും, പരിശുദ്ധ സഭയ്ക്കാകമാനം അപമാനം വരുത്തി വച്ചതുമായ പ്രചരണ കോലാഹലങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടികളെക്കുറിച്ച് നാം ആലോചിച്ചത്. ഈ സദസ്സിൽ സന്നിഹിതരായിരിക്കുന്ന നിങ്ങൾ ഏവരും ഒരുപോലെ അഭിപ്രായപ്പെട്ട ഒരു കാര്യമായിരുന്നു അത് എന്നും നമുക്കറിയാം. പ്രിയ മക്കളേ, ഇവിടെ വ്യക്തിതാല്പര്യങ്ങളല്ല സഭയാണ് പ്രധാനം. ഈ അഭിപ്രായത്തിന്റെ പശ്ചാത്തലത്തിൽ എപ്പിസ്കോപ്പാസ്ഥാനതെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പ. എപ്പിസ്കോപ്പൽ സുന്നഹദോസിൽ തയ്യാറാക്കി അംഗീകരിച്ച് നാം പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത മാനദണ്ഡങ്ങൾ നമ്മുടെ അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയും സഹർഷം സ്വാഗതം ചെയ്തത് നാം സന്തോഷപൂർവ്വം സ്മരിക്കുന്നു. അതിൻപ്രകാരം സമുന്നതരായ 11 പേരടങ്ങുന്ന ഒരു സ്ക്രീനിംഗ് കമ്മറ്റിയെ നാം നിയോഗിക്കുകയുണ്ടായി. പുതുക്കിയ നടപടിച്ചട്ടങ്ങൾ അനുസരിച്ച് ലഭിക്കുന്ന നാമനിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായ അന്വേഷണത്തിനും, പഠനത്തിനും വിലയിരുത്തലിനും ശേഷം യോഗ്യരായവരിൽ 14 പേരുടെ പേരുകൾ മാനേജിംഗ് കമ്മറ്റിയുടെ പരിഗണനയ്ക്കായി നൽകുവാൻ നാം സ്ക്രീനിംഗ് കമ്മറ്റിയോട് ആവശ്യപ്പെട്ടു. എന്നാൽ സ്ക്രീനിംഗ് കമ്മറ്റിയുടെ അവസാന കണ്ടെത്തലിൽ, നമ്മുടെ പ്രതീക്ഷയ്ക്ക് വിപരീതമായി യോഗ്യരായ 10 പേരുടെ പേരുകൾ മാത്രമേ ലഭ്യമായുള്ളൂ എന്ന് അവർ നമ്മെ അറിയിച്ചു. അതേത്തുടർന്ന് നാമും, നമ്മുടെ അസിസ്റ്റന്റും പിൻഗാമിയുമായ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായും ചേർന്ന് സ്ക്രീനിംഗ് കമ്മറ്റിയംഗങ്ങളെ എല്ലാവരെയും വിളിച്ചുവരുത്തി. സ്ക്രീനിംഗ് കമ്മറ്റി നമ്മുടെ മുമ്പാകെ സമ്മേളിച്ച്, അവരുടെ വിലയിരുത്തലുകൾ നമ്മെ ബോധ്യപ്പെടുത്തിയ സാഹചര്യത്തിൽ നാമനിർദ്ദേശങ്ങളുടെ എണ്ണം ഒരു കാരണവശാലും കൂട്ടുവാൻ നിർവ്വാഹമില്ല എന്ന് നമുക്ക് ഉത്തമമായി ബോധ്യപ്പെട്ടു. മാത്രവുമല്ല സ്ക്രീനിംഗ് കമ്മറ്റിയുടെ നടപടികൾ നാം സൂക്ഷ്മമായി നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്തതിൽ നിന്ന് ആ കമ്മറ്റി വളരെ അവധാനതയോടും ഉത്തരവാദിത്വ ബോധത്തോടും കാര്യക്ഷമതയോടും കൂടി ചുമതലകൾ നിറവേറ്റി എന്നും നമുക്ക് ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ അവർ സമർപ്പിച്ച 10 പേരുടെ ലിസ്റ്റ് നാം അംഗീകരിച്ചു. പ്രസ്തുത ലിസ്റ്റ് നാം ആഗസ്റ്റ് 19 –ാം തീയതി സമ്മേളിച്ച അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുകയും, 10 നാമനിർദ്ദേശങ്ങളും അവർ അംഗീകരിച്ചുകൊണ്ട് മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗത്തിൽ സമർപ്പിക്കണമെന്ന് നമ്മോട് അപേക്ഷിക്കുകയും ചെയ്തു. ആയതിൻ പ്രകാരമാണ് 10 നാമങ്ങളും അവരെ സംബന്ധിക്കുന്ന വിവരങ്ങളും അസ്സോസിയേഷൻ അംഗങ്ങൾ എന്ന നിലയിൽ നിങ്ങൾക്ക് അയച്ചുതന്നത്.

PDF created with pdfFactory Pro trial version www.pdffactory.com

പ്രിയപ്പെട്ടവരേ, പ. സഭയുടെ അഭ്യുന്നതി ലക്ഷ്യമിട്ടുകൊണ്ടല്ലാതെ നാം ഒന്നും ഇതുവരെ പ്രവർത്തിച്ചിട്ടില്ല. സ്വാർത്ഥമോഹങ്ങളോ, വ്യക്തി താല്പര്യങ്ങളോ നമ്മെ ഒട്ടും സ്വാധീനിച്ചിട്ടില്ല; അച്ചടക്കവും, ആത്മീയ ചൈതന്യവും നിറഞ്ഞുനിൽക്കുന്ന സഭയായി, നിലനിൽക്കുവാൻ നാം ആഗ്രഹിക്കുന്നു. പത്മോസ് ദ്വീപിൽ വച്ച് വൃദ്ധനായ യോഹന്നാൻ ശ്ലീഹാ ദർശിച്ചതുപോലെ, "മനുഷ്യരോടുകൂടിയുള്ള ദൈവത്തിന്റെ കൂടാരമായി" മലങ്കര സഭ തീരണം. വാർദ്ധക്യത്തിലെത്തിയിരിക്കുന്ന ഒരു ആത്മീയ പിതാവിന്റെ ആഗ്രഹം എന്ന നിലയിൽ, മക്കളേ നിങ്ങൾ ഇത് സ്വീകരിക്കണം. ബലഹീനനായ നമ്മുടെ ജീവനെക്കാൾ വലുതായി നാം കാണുന്നത് പ. സഭയുടെ ശ്രേയസ്സും മഹത്വവുമാണ്. ഈ സഭയെ വേദനിപ്പിക്കുവാൻ, മക്കളെ, നിങ്ങളാരും മുതിരരുത്; നമുക്കും പരിശുദ്ധ സഭയ്ക്കും എതിരേ വ്യവഹാരങ്ങളുടെ ഒളിയമ്പ് പ്രത്യക്ഷമായും പരോക്ഷമായും തൊടുത്തുവിടുന്നവരെ ഓർത്ത് അടുത്ത കാലത്തായി നാം ദൈവസന്നിധിയിൽ ഏറെ കണ്ണുനീർ ഒഴുക്കിപ്രാർത്ഥിക്കുന്നുണ്ട്. ബലഹീനനായ നമ്മോടൊപ്പം പരിശുദ്ധ സഭയ്ക്കുവേണ്ടി ദൈവസന്നിധിയിൽ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്ന അനേകർ ഈ സഭയിൽ ഉണ്ടെന്നുള്ളതിന്റെ തെളിവാണ് ഈ അസ്സോസിയേഷൻ യോഗം.

മക്കളേ, സഭ ദുർബലപ്പെടുവാനും പരിഹസിക്കപ്പെടുവാനും ഇടയാക്കരുത്. മുളന്തുരുത്തി സുന്നഹദോസിനു ശേഷം സഭയുടെ വടക്കൻമേഖലയിൽ സമ്മേളിക്കുന്ന അസ്സോസിയേഷൻ എന്ന നിലയിൽ ഈ അസ്സോസിയേഷൻ വൻ വിജയമാക്കണം. പ. സഭ നേരിടുന്ന പ്രയാസങ്ങളിൽ പ്രധാനമായുള്ളത് മേൽപ്പട്ടക്കാരുടെ അഭാവമാണ്. യോഗ്യരായ 10 നാമനിർദ്ദേശങ്ങൾ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുകയാണ്. അതിൽ നിന്ന് ഏഴുപേരെ നിങ്ങൾ തെരഞ്ഞെടുക്കണം. പരിശുദ്ധ സഭാ ശുശ്രൂഷയുടെ വിവിധ മേഖലകളിൽ കഴിവും പ്രാവീണ്യവും തെളിയിച്ചവരും, അച്ചടക്ക ജീവിതം നയിക്കുന്നവരുമായ പുരോഹിതരാണ് ഈ പത്തുപേരെന്ന് പ. സഭയുടെ പ്രധാന ചുമതലക്കാരൻ എന്ന നിലയിൽ നമുക്ക് ഉത്തമ ബോധ്യമുണ്ട്. എന്നാൽ സ്ഥാനാർത്ഥികളിൽ ചിലരെ വ്യക്തിപരമായി അപകീർത്തിപ്പെടുത്തുന്ന വിധം വ്യാജ പ്രസ്താവനകളും ലഘുലേഖകളും ചില കേന്ദ്രങ്ങളിൽ നിന്നും പ്രസിദ്ധീകരിക്കുന്നതിൽ നാം വളരെ ദു:ഖിതനാണ്. ദൈവമുൻപാകെ ഏറ്റവും നിന്ദ്യമായ ഇത്തരം പ്രവർത്തനങ്ങൾ മക്കളേ, നിങ്ങളെ സ്വാധീനിക്കുവാൻ ഇടയാകരുത്. യേരുശലേമിന്റെ ദു:സ്ഥിതിയും തകർച്ചയും കണ്ട് മനസ്സുരുകി കരയുന്ന നെഹമ്യാവിന്റെ അനുഭവം വി. വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. നിരാശയിലായിരുന്ന യഹൂദജനത്തെ ശക്തീകരിച്ചുകൊണ്ട് അദ്ദേഹം പറയുന്നത് ഇപ്രകാരമാണ്. "വരുവീൻ നാം ഇനിയും നിന്ദാ പാത്രമായിരിക്കാതെവണ്ണം യേരുശലേമിന്റെ മതിൽ പണിയുക"; വാത്സല്യ മക്കളെ, മലങ്കര സഭയുടെ മേലുള്ള നിന്ദയും പരിഹാസവും മാറ്റുവാൻ ഈ അസ്സോസിയേഷനും, തെരഞ്ഞെടുപ്പും നമുക്ക് പ്രയോജനപ്പെടുത്താം. പരിശുദ്ധാത്മ ബോധത്തോടെ പ. സഭ നിങ്ങൾക്ക് നൽകിയിരിക്കുന്ന ഈ വലിയ അധികാരവും ഉത്തരവാദിത്വവും കണക്കിലെടുത്ത് പത്തുപേരിൽ നിന്ന് 21 –ാം നൂറ്റാണ്ടിൽ പരിശുദ്ധ സഭയെ നയിക്കുവാൻ പ്രാപ്തിയുള്ളവരും, പരിശുദ്ധാത്മ നിറവുള്ളവരുമായ ഏഴുപേരെ തെരഞ്ഞെടുക്കണം. അപ്പോസ്തല പ്രവർത്തികൾ 6 –ാം അദ്ധ്യായം 3 –ാം വാക്യത്തിൽ ഇങ്ങനെ നാം വായിക്കുന്നു. "ആകയാൽ സഹോദരന്മാരെ, ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങൾ തിരഞ്ഞുകൊൾവീൻ" ആയതിനാൽ ആദിമ സഭയിൽ എന്നപോലെ പ.

PDF created with pdfFactory Pro trial version www.pdffactory.com

സഭയ്ക്കുവേണ്ടി ഏഴുപേരെ നിങ്ങൾ തെരഞ്ഞെടുത്ത് നൽകണമെന്ന് നിങ്ങളുടെ സ്നേഹത്തോട് വീണ്ടും നാം ആവശ്യപ്പെടുന്നു. അതിനാവശ്യമായ നടപടികൾ നാം നിങ്ങൾക്കയച്ച കല്പനപ്രകാരം ഇന്നിവിടെ നിർവ്വഹിക്കണം. നമ്മുടെ മനസ്സിന് വേദനയുണ്ടാക്കും വിധം ആരും പ്രവർത്തിക്കരുത്. മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങളായ നിങ്ങളേവരും മലങ്കര സഭയുടെ അഖണ്ഡതയ്ക്കും ശ്രേയസ്സിനും അഭിമാനത്തിനും എന്തുത്യാഗവും സഹിച്ച് സമർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്നവരാണെന്ന് നമുക്ക് ഉത്തമ ബോധ്യമുണ്ട്. ആയതിനാൽ ഇപ്പോഴത്തെ നമ്മുടെ പ്രയാസഘട്ടത്തിലും നിങ്ങളേവരും ഈ മഹാ യോഗത്തിന്റെ അന്തസ്സും യശസ്സും ഉയർത്തിപ്പിടിക്കുമെന്നും നമ്മുടെ കരങ്ങൾക്ക് ശക്തി പകരുമെന്നും നമുക്ക് ആഴമായ ഉറപ്പുണ്ട്. ബലഹീനനായ നാം സഭാ ശുശ്രൂഷയുടെ സായാഹ്നത്തിൽ എത്തിനിൽക്കുകയാണ്. ഈ സഭയുടെ കൊമ്പ് ഉയർന്ന് കാണുവാനുള്ള നമ്മുടെ അഭിവാഞ്ഛ പ്രകടിപ്പിക്കുവാൻ കഴിയുന്നതിലും അധികമാണ്. മക്കളേ, കുറ്റങ്ങളും കുറവുകളും ദൈവനാമത്തിൽ നിങ്ങൾ മറക്കുക; നമ്മുടെ സഭ, നമ്മുടെ പിതാക്കന്മാർ കണ്ണിലെ കൃഷ്ണമണി പോലെ കാത്തു സൂക്ഷിച്ച് വളർത്തിയ സഭ ഒട്ടും പുറകോട്ട് പോകുവാൻ നിങ്ങളാരും അനുവദിക്കരുത്. മേൽപ്പട്ട സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിനായി അത്യദ്ധ്വാനം ചെയ്ത് വിളിച്ചു കൂട്ടിയ ഈ അസ്സോസിയേഷൻ യോഗം എല്ലാ പ്രകാരത്തിലും വിജയിപ്പിക്കുവാനും ഏഴു പേരെ തെരഞ്ഞെടുക്കുവാനും ദൈവനാമത്തിൽ നാം വീണ്ടും ആഹ്വാനം ചെയ്യുന്നു.

മലങ്കര സഭയുടെ നിലനിൽപ്പിനും അഭ്യുന്നതിക്കും വേണ്ടി അദ്ധ്വാനിച്ച അർക്കദിയാക്കോൻമാരുടേയും, മാർത്തോമ്മാ മെത്രാപ്പോലീത്തന്മാരുടേയും ഭാഗ്യസ്മരണാർഹരായ നമ്മുടെ മുൻഗാമികളായ പിതാക്കന്മാരുടെയും, പരിശുദ്ധനായ പരുമല പിതാവിന്റെയും, മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അക്ഷീണം യത്നിച്ച പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെയും മദ്ധ്യസ്ഥതയിൽ നമുക്ക് ശരണപ്പെടാം. സഭാ ഗാത്രത്തിന് പോറലേൽക്കാതിരിക്കുവാൻ നമുക്ക് പ്രാർത്ഥനാപൂർവ്വം ഒന്നിച്ച് നീങ്ങാം. അതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

നമ്മുടെ നാടിന്റെ ഉത്സവവും, ഐശ്വര്യത്തിന്റെയും അനുഗ്രഹത്തിന്റെയും സ്വയപരിത്യാഗത്തിന്റെയും പ്രതീകമായ തിരുവോണത്തിന്റെ സർവ്വ മംഗളങ്ങളും നാം നേരുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപ നിങ്ങളേവരോടും കൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.



**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ**

PDF created with pdfFactory Pro trial version www.pdffactory.com